(ബി) പ്രസ്തുത വകുപ്പിൽ ജീവനക്കാരെ കരാർ തൊഴിലാളികൾക്ക് സമമാക്കിക്കൊണ്ട് സ്വകാര്യവത്ക്കരണത്തിന് ഗതിവേഗം നൽകുന്ന പബ്ലിക് ഫിനാൻസ് മാനേജ്മെന്റ് സിസ്റ്റം ഇ.എ.ആർ.എ.എസ്. സ്കീമിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് കാർഷിക മേഖലയിലെ സ്ഥിതിവിവരക്കണക്ക് തയ്യാറാക്കുന്നത് സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിന്റെ നേതൃത്വത്തിൽ നടന്നുവരുന്ന എസ്റ്റാബ്ലിഷ്മെന്റ് ഓഫ് ആൻ ഏജൻസി ഫോർ റിപ്പോർട്ടിംഗ് അഗ്രികൾച്ചറൽ സ്റ്റാറ്റിസ്റ്റിക്സ് (ഇ.എ.ആർ.എ.എസ്) എന്ന 100% സെൻട്രൽ സെക്ടർ സ്കീമിലൂടെയാണ്. ഈ സ്കീമിലെ വിവരശേഖരണം, ക്രോഡീകരണം, മേൽനോട്ടം എന്നിവയ്ക്കായി 856 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷം മുതൽ പി.എഫ്.എം.എസ്. മുഖേന മാത്രമേ കേന്ദ്രസർക്കാർ ഫണ്ട് അനുവദിക്കുകയുള്ളൂവെന്ന് അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ അടുത്ത സാമ്പത്തിക വർഷം ജീവനക്കാരുടെ ശമ്പളവും ആനുകൂല്യ വിതരണവും തടസ്സപ്പെടുത്തുന്നതിന് സാധ്യതയുള്ളതിനാൽ നിലവിലെ സംവിധാനം തുടരുന്നതിനും പി.എഫ്.എം. എസ്. മുഖേനയുള്ള ഫണ്ട് ട്രാൻസ്ഫർ ഒഴിവാക്കി കേന്ദ്ര ഗവൺമെന്റ് ഇ.എ.ആർ.എ.എസ്. സ്കീമിന് അനുവദിക്കുന്ന തുക സ്റ്റേറ്റ് കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്ക് നേരിട്ട് ട്രാൻസ്ഫർ ചെയ്യണമെന്നും കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(ബി) ഇ.എ.ആർ.എ.എസ്. സ്കീം 100% സെൻട്രൽ സെക്ടർ സ്കീം ആയതിനാൽ ഫണ്ടിംഗ് പാറ്റേൺ കേന്ദ്ര സർക്കാരാണ് തീരുമാനിക്കുന്നത്.

## കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലെ അഡ്മിനിസ്ട്രേറ്റീവ് ജീവനക്കാരുടെ പ്രൊമോഷൻ

27(5411) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലെ അഡ്മിനിസ്ട്രേറ്റീവ് കാറ്റഗറിയിൽ ജോലി ചെയ്തുവരുന്ന ജീവനക്കാരുടെ പ്രൊമോഷൻ സംബന്ധമായ കാര്യങ്ങൾ ഏത് നിയമപ്രകാരമാണ് നടത്തിവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ശാസ്ത്ര സാങ്കേതിക വകുപ്പ് ജി.ഒ.(ആർ.ടി) നമ്പർ 44/2019/ എസ്.&റ്റി.ഡി. തീയതി 17-9-2019 പ്രകാരം കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന് കീഴിൽ പ്രവർത്തിക്കുന്ന ഗവേഷണ സ്ഥാപനങ്ങളിലെ അഡ്മിനിസ്ട്രേറ്റീവ് വിഭാഗം ജീവനക്കാരുടെ പ്രൊമോഷൻ/നിയമനം സംബന്ധിച്ച് വ്യക്തത വരുത്തിക്കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ടെങ്കിൽ ഈ സർക്കാർ ഉത്തരവിന് കടകവിരുദ്ധമായി ഡിപ്പാർട്ട്മെന്റ് പ്രൊമോഷൻ കമ്മിറ്റി രൂപീകരിച്ച്, എല്ലാ ഗവേഷണ സ്ഥാപനങ്ങളിലെയും പ്രൊമോഷൻ തസ്തികയിൽ ശാസ്ത്ര കൗൺസിൽ നേരിട്ട് അഭിമുഖം നടത്തുവാനുള്ള നീക്കം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കേരള ശാസ്ത്ര കൗൺസിലിന്റെ നിലവിലുള്ള ചട്ടങ്ങൾ മറികടന്നുകൊണ്ടുള്ള പ്രസ്തുത നിയമന നീക്കങ്ങൾക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടികൾ കൈക്കൊള്ളുമോയെന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ ചട്ടങ്ങൾ പ്രകാരമാണ് നടത്തിവരുന്നത്.

(ബി) കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ രൂപീകരിച്ച പ്രൊമോഷൻ കമ്മിറ്റിയുടെ രൂപീകരണം, കമ്മിറ്റി തീരുമാനങ്ങൾ എന്നിവയ്ക്ക് എതിരായി ശ്രീ. അനിൽ കുമാർ ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ 20263/2019-ാം നമ്പർ റിട്ട് ഹർജി ഫയൽ ചെയ്യുകയും പ്രൊമോഷൻ കമ്മിറ്റി രൂപീകരണം സംബന്ധിച്ച ചട്ടങ്ങൾ വ്യക്തമാക്കിക്കൊണ്ടും ടി ചട്ടങ്ങൾ പ്രകാരം തുടർ നടപടികൾ കൈക്കൊള്ളാമെന്ന് കൗൺസിൽ മെമ്പർ സെക്രട്ടറിക്ക് നിർദ്ദേശം നൽകിക്കൊണ്ടും 17-9-2019-ലെ സർക്കാർ ഉത്തരവ് (സാധാ)നമ്പർ 44/2019/ശാ.സാ.വ. പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഡിപ്പാർട്ട്മെന്റ് പ്രൊമോഷൻ കമ്മിറ്റി സ്ഥാനക്കയറ്റം നടത്തുന്നതിനായി ഉദ്യോഗസ്ഥരുടെ അഭിമുഖം 28-10-2019, 31-10-2019 തീയതികളിൽ നടത്താൻ നിശ്ചയിച്ചിരുന്നുവെങ്കിലും ആയത് റദ്ദാക്കുകയുണ്ടായതിനാൽ തുടർ നടപടികൾ കൈക്കൊണ്ടിട്ടില്ല.

## കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലെ ശാസ്ത്രജ്ഞന്മാർക്ക് ഏഴാമത് ശമ്പള പരിഷ്കരണം

28(5412) <u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2016 ജനുവരി മാസം മുതൽ കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലെ ശാസ്ത്രജ്ഞൻമാർക്ക് ലഭിക്കേണ്ട സി.എസ്.ഐ.ആർ. സ്ഥാപനങ്ങളുടേതിനു തുല്യമായ ഏഴാമത് ശമ്പള പരിഷ്കരണം നടപ്പിലാക്കിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly